entri

# Current affairs 25 Aug 2025

- **സംസ്ഥാന ജീവകാരുണ്യ ദിനം**

ആഗസ്റ്റ് 25

  - ചട്ടമ്പി സ്വാമികളുടെ ജന്മദിനം സംസ്ഥാന ജീവകാരുണ്യ ദിനമായി ആചരിക്കുന്നു.
  - തിരുവനന്തപുരത്തുള്ള കണ്ണൻമൂലയിലെ 'ഉള്ളൂർക്കോട് വീട്' എന്ന നായർ കുടുംബത്തിൽ 1853 ആഗസ്റ്റ് 25നാണ് ചട്ടമ്പിസ്വാമികൾ ജനിച്ചത്.

---

- **അധികാരത്തിലിരിക്കേ സർക്കാർ ഫണ്ട് ദുർവിനിയോഗം ചെയ്തെന്ന കേസിൽ 2025 ആഗസ്റ്റിൽ അറസ്റ്റിലായ ശ്രീലങ്കൻ മുൻ പ്രസിഡന്റ്**

റനിൽ വിക്രമസിംഗെ

  - ശ്രീലങ്കയിൽ അറസ്റ്റിലാകുന്ന ആദ്യ മുൻ പ്രസിഡന്റാണ് റനിൽ വിക്രമസിംഗെ.
  - 2023 സെപ്തംബറിൽ ഭാര്യ പ്രൊഫസർ മൈത്രിയുടെ ബിരുദദാന ചടങ്ങിൽ പങ്കെടുക്കാനായി ഇംഗ്ലണ്ടിലേക്ക് പോകാൻ സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്തുവെന്നാണ് വിക്രമസിംഗെയ്ക്കെതിരെ ചുമത്തിയിരിക്കുന്ന കുറ്റം.

---

- **കേംബ്രിഡ്ജ് ഡിക്ഷ്ണറിയിൽ ഉൾപ്പെട്ട, സ്കിബിഡി ടോയ്‌ലെറ്റ് എന്ന യൂട്യൂബ് പരമ്പരയിലൂടെ പ്രശസ്തമായ വാക്ക്**

സ്കിബിഡി

---

- **ഇന്ത്യ-ഇറ്റലി നാവിക സഹകരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2025 ആഗസ്റ്റിൽ ഇറ്റലി സന്ദർശിച്ച ഇന്ത്യൻ നാവികസേന കപ്പൽ**


ഐഎൻഎസ് തമാൽ

---

- **ആന്റി- ഡ്രോൺ സർവൈലൻസ് ആൻഡ് ന്യൂട്രലൈസേഷൻ സിസ്റ്റം സ്ഥാപിക്കുന്ന ഇന്ത്യയിലെ ആദ്യ തുറമുഖം**

കാണ്ട്ല തുറമുഖം, ഗുജറാത്ത്

  - പാകിസ്ഥാനുമായുള്ള അന്താരാഷ്ട്ര അതിർത്തിയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഗുജറാത്തിലെ കച്ച് ജില്ലയിലെ പ്രധാനപ്പെട്ട തുറമുഖമാണ് കാണ്ട്ല.



ചട്ടമ്പി സ്വാമികൾ



റനിൽ വിക്രമസിംഗെ







4.8 ★ Download the app now | Learn in Malayalam